



# രക്ഷകനെ കാത്തിരുന്ന ജനം

5

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

## പാഠം

# സീനായ് ഉടമ്പടി



കർത്താവ് സീനായ് മലയിൽ നിന്നു മോശയെ വിളിച്ച് ഇപ്രകാരം പറഞ്ഞു:

'നീ പോയി ഇസ്രായേൽ ജനത്തോടു പറയുക; നിങ്ങൾ എന്റെ വാക്കു കേൾക്കുകയും എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലുംവച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും'.

ജനം കർത്താവ് കല്പിച്ചതനുസരിച്ചുകൊള്ളമെന്നു പറഞ്ഞു. ദൈവം അവരുമായി ഉടമ്പടി ഉറപ്പിച്ചു.

# ദൈവജനത്തിന്റെ വിശുദ്ധീകരണം

കർത്താവു മോശയോടു പറഞ്ഞു: **'നീ ജനത്തിന്റെ അടുത്തേയ്ക്കു പോയി ഇന്നും നാളെയും അവരെ ശുദ്ധീകരിക്കുക. അവർ തങ്ങളുടെ വസ്ത്രങ്ങൾ അലക്കട്ടെ. മൂന്നാം ദിവസം അവർ തയ്യാറായിരിക്കണം. എന്തെന്നാൽ മൂന്നാം ദിവസം ജനം മുഴുവൻ കാൺകെ കർത്താവ് സീനായ് മലയിൽ ഇറങ്ങിവരും'.**



# ദൈവം സീനായ് മലയിൽ



ദൈവം മലമുകളിൽ ഇറങ്ങിവന്നപ്പോൾ ഇസ്രായേൽജനം പേടിച്ചുവിറച്ചു. ദൈവത്തെ കാണാനും ദൈവത്തിന്റെ സ്വരം കേൾക്കാനും അവർ ഭയപ്പെട്ടു.

അവർ മോശയോടു പറഞ്ഞു: ‘നീ തന്നെ ഞങ്ങളോടു സംസാരിച്ചാൽ മതി. ഞങ്ങൾ കേട്ടുകൊള്ളാം. ദൈവം ഞങ്ങളോടു സംസാരിക്കാതിരിക്കട്ടെ’.

മോശ മലമുകളിലേക്കു കയറിച്ചെന്നു. അഗ്നിയിൽ ഇറങ്ങി വന്ന ദൈവം മോശയോട് സംസാരിച്ചു.

# പത്തുപ്രമാണങ്ങൾ

- ഞാനാണ് നിന്റെ ദൈവമായ കർത്താവ് ഞാനല്ലാതെ വേറെ ദേവൻമാർ നിനക്കുണ്ടാകരുത്.
- നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത്.
- സാബത്ത് വിശുദ്ധ ദിനമായി ആചരിക്കണം
- മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക
- കൊല്ലരുത്
- വ്യഭിചാരം ചെയ്യരുത്
- മോഷ്ടിക്കരുത്
- അയൽക്കാരനെതിരായി വ്യാജസാക്ഷ്യം നൽകരുത്
- അയൽക്കാരന്റെ ഭവനം മോഹിക്കരുത്;
- അയൽക്കാരന്റെ ഭാര്യയെയോ, ദാസനെയോ, ദാസിയെയോ, കാളകളെയോ, കഴുതയെയോ അവന്റെ മറ്റെന്തെങ്കിലുമോ മോഹിക്കരുത്. (പുറപ്പാട് 20:1.17)



# കല്പനകൾ നൽകുന്നു

- കർത്താവു മോശയോടു അരുളിച്ചെയ്തു: **‘മലമുകളിൽ എന്റെ സമീപത്തേയ്ക്കു കയറിവന്നു കാത്തുനിൽക്കുക. ഞാൻ നിയമങ്ങളും കല്പനകളും എഴുതിയ കല്പലകകൾ നിനക്കുതരാം. നീ അവ ജനത്തെ പഠിപ്പിക്കണം’.**
- ദൈവം തന്റെ വിരൽകൊണ്ട് എഴുതിയ കല്പലകകളാണു മോശയ്ക്കു നൽകിയത്.
- അവയുടെ ഇരുവശങ്ങളിലും  എഴുത്തുണ്ടായിരുന്നു.



# ഉടമ്പടി ഉറപ്പിക്കുന്നു

മോശ ദൈവത്തിനു ബലിയർപ്പിച്ചു. ബലിയുടെ രക്തംകൊണ്ട് ഉടമ്പടി ഉറപ്പിക്കുകയും ചെയ്തു. സ്നേഹമുള്ള പിതാവു തന്റെ മക്കൾക്കു ശ്രദ്ധാപൂർവ്വം നൽകിയ സമ്മാനമാണു **പ്രമാണങ്ങൾ.**

## പുതിയ ഉടമ്പടിയും പുതിയ കല്പനകളും

സഭ രൂപംകൊണ്ടതു പുതിയ ഉടമ്പടിയിലൂടെയാണ്. ദൈവപുത്രനായ ഈശോയിലൂടെയാണ് ഈ ഉടമ്പടി ഉറപ്പിക്കപ്പെട്ടത്. അവിടുന്നു നൽകിയ പുതിയ കല്പന ഇതാണ്: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും. (യോഹ13:34.35)



# നമുക്കു പ്രാർത്ഥിക്കാം

ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും
പരസ്പരം സ്നേഹിക്കുവിൻ എന്ന് അരുൾചെയ്ത
കർത്താവേ, അങ്ങു നൽകിയ സ്നേഹത്തിന്റെ കല്പന
അനുസരിച്ചു കൊണ്ടു ജീവിക്കുവാൻ ഞങ്ങളെ
സഹായിക്കണമേ



## നമുക്കു പാടാം

അഗ്നിയിലെന്നപോലെ ദൈവം
ആ ഗിരിമേലേ നിന്നു
പത്തുപ്രമാണമടങ്ങും ഫലകം
പാർത്തലമിതിനായ് നൽകി.

മോശകരങ്ങളിലേന്തീ ഫലകം
മലയുടെ കീഴേവന്നു.
കല്പനയെല്ലാം വിവരിക്കുകയായ്,
കേൾക്കുകയായി ജനങ്ങൾ

സന്തോഷത്തോടിസ്രേസൽജനമാ
ഫലകം കൈക്കൊള്ളുകയായ്
നിത്യമുടമ്പടി ചെയ്തതു പോലായ്,
ബലിയർപ്പിച്ചു മോശ...........

## ദൈവവചനം വായിക്കാം, വിവരിക്കാം

**ദൈവം സീനായ്മലയിൽ ഇറങ്ങിവന്ന് ഇസ്രായേലുമായ് ഉടമ്പടി ചെയ്ത സംഭവം വിവരിച്ചു പറയുക**

# വഴികാട്ടാൻ ഒരു തിരുവചനം

**‘എന്നെ സ്നേഹിക്കുകയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്യുന്നവരോട് ആയിരമായിരം തലമുറകൾവരെ ഞാൻ കരുണകാണിക്കും’.**

**പുറപ്പാട് 20:6**

# എന്റെ തീരുമാനം

**ദൈവകല്പനകൾ പാലിച്ചു ദൈവത്തിന്റെ സ്വന്തം ജനമായി ത്തീർന്ന ഇസ്രായേൽജനത്തെപ്പോലെ ഞാനും ദൈവകല്പനകൾ പാലിച്ച് അവിടുത്തെ സ്വന്തം മകനായി/മകളായി ജീവിക്കും**

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ദൈവം മോശവഴി ദൈവജനത്തിനു കല്പനകൾ നല്കി.

* ഈശോ സ്നേഹത്തിന്റെ പുതിയ കല്പന നല്കി



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ദൈവജനം ദൈവകല്പനകൾ അനുസരിക്കാൻ കടപ്പെട്ടവരാണ്.

* ഈശോയുടെ സ്നേഹത്തിന്റെ കല്പന നാം എപ്പോഴും പാലിക്കാൻ ഉത്സാഹിക്കേണ്ടവരാണ്.

# സ്വന്തമാക്കേണ്ട ശീലങ്ങൾ

* ദൈവകല്പനകൾ പാലിച്ച് ഞാൻ ദൈവപുത്രനായി / പുത്രിയായി ജീവിക്കും.




THANK
YOU